# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്
എം.ജി.റോഡ്, ആയുർവേദ കോളേജ് ജംഗ്ഷൻ
തിരുവനന്തപുരം -695001
e.mail:kdrbtvm@gmail.com
web:www.kdrb.kerala.gov.in, Ph:0471-2339377

തിരുവനന്തപുരം
26.03.2021

നമ്പർ.290/ആർ1/2021/KDRB

## അറിയിപ്പ്

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിജ്ഞാപനം ചെയ്ത ഗുരുവായൂർ ദേവസ്വത്തിലെ മെഡിക്കൽ സൂപ്രണ്ട് (കാറ്റഗറി നമ്പർ-39/2020), ഫിസീഷ്യൻ (കാറ്റഗറി നമ്പർ-22/2020) എന്നീ തസ്തികകളിലേയ്ക്ക് നേരിട്ടുള്ള നിയമനത്തിന് അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖം **2021 ഏപ്രിൽ 27-ാം തീയതി** തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ തിരുവനന്തപുരം നന്തൻകോടുള്ള പ്രധാന ഓഫീസിലെ കോൺഫറൻസ് ഹാളിൽ വച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഉദ്യോഗാർത്ഥികൾ തങ്ങളുടെ ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, സാമുദായിക സംവരണം, EWS സംവരണം, ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ നിലവിലുള്ള സ്ഥിരം രജിസ്ട്രേഷൻ, മറ്റാനുകൂല്യങ്ങൾ എന്നിവ തെളിയിക്കുന്നതിന് ആവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും, ഇതിനുപുറമേ മെഡിക്കൽ സൂപ്രണ്ട് തസ്തികയിലേയ്ക്ക് അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾ സർക്കാർ മേഖലയിലോ അല്ലെങ്കിൽ സ്വകാര്യമേഖലയിലെ കുറഞ്ഞത് 200 കിടക്കകളുള്ള ആശുപത്രിയിലെയോ അഞ്ചു വർഷത്തിൽ കുറയാത്ത സേവനപരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും **2021 ഏപ്രിൽ 15 ന് മുമ്പായി സെക്രട്ടറി, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്, ദേവസ്വം ബോർഡ് ബിൽഡിംഗ്, ആയുർവേദ കോളേജ് ജംഗ്ഷൻ, തിരുവനന്തപുരം** എന്ന വിലാസത്തിൽ തപാൽ മാർഗ്ഗം അയച്ചുതരികയോ നേരിട്ടെത്തിക്കുകയോ ചെയ്യേണ്ടതാണ് എന്ന് അറിയിക്കുന്നു. സർട്ടിഫിക്കറ്റുകൾ അയച്ചുതരുന്ന കവറിനു പുറത്ത് തസ്തികയുടെ പേര്, കാറ്റഗറി നമ്പർ എന്നിവ രേഖപ്പെടുത്തേണ്ടതാണ്. ഇന്റർവ്യൂ മെമ്മോ **12.04.2021** മുതൽ ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ നിന്ന് ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്.

ഒപ്പ്/-
സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്